(സി) പ്രസ്തുത തുക വിതരണം നടത്തുന്നതിൽ വരുന്ന കാലതാമസം എന്തുകൊണ്ട് ;

(ഡി) കാലതാമസം പരിഗണിച്ച് പ്രസ്തുത തുക എന്നേക്ക് വിതരണം നടത്താൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്കൃത വിഷയങ്ങളിലുള്ള കോഴ്സുകളിൽ ആകെ 50%-നും സംസ്കൃതേതര വിഷയങ്ങളിൽ 30%-നും അക്കാഡമിക് യോഗ്യതയും കുടുംബ വാർഷിക വരുമാനവും പരിഗണിച്ച് സ്കോളർഷിപ്പ് നൽകി വരുന്നു.

(ബി) ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 300 രൂപ നിരക്കിലും ബിരുദാന്തര വിദ്യാർത്ഥികൾക്ക് പ്രതിമാസം 500 രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. 2002-03 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കാണ് ഇനി സ്കോളർഷിപ്പ് അനുവദിക്കാനുള്ളത്.

(സി) ഇതുസംബന്ധിച്ച ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയിൽ ആയതിനാലാണ് കാലതാമസം വരുന്നത്. സ്കോളർഷിപ്പ് വിതരണത്തിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇത് സംബന്ധിച്ച് സിൻഡിക്കേറ്റ് തീരുമാനം ആയാലുടൻ തന്നെ സ്കോളർഷിപ്പ് വിതരണത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**സംസ്കൃത സർവ്വകലാശാലയിലെ വിജിലൻസ് അന്വേഷണം**

**150 (3711)** ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മുതൽ 2001 വരെ സംസ്കൃത സർവ്വകലാശാലയിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; ഏതെല്ലാം തസ്തികയിൽ ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ചും അനധികൃത പർച്ചേസുകൾ, സാമ്പത്തിക ക്രമക്കേടുകൾ എന്നിവ സംബന്ധിച്ചും ഏതെങ്കിലും വിജിലൻസ് അന്വേഷണം നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ; അന്വേഷണം പൂർത്തീകരിക്കുന്നതിന് വരുന്ന കാലതാമസം എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രൊഫസർ, റീഡർ, ലക്ചറർ, ട്യൂട്ടർ എന്നീ വിഭാഗങ്ങളിലായി 176 പേരെ അദ്ധ്യാപക വിഭാഗത്തിലും സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലാസ് ഫോർ എന്നീ വിഭാഗങ്ങളിലായി 161 പേരെ അനദ്ധ്യാപക വിഭാഗത്തിലും 1996-2001 കാലയളവിൽ സംസ്കൃത സർവ്വകലാശാലയിൽ നിയമിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ധാരാളം രേഖകൾ കണ്ടെത്തി പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളെ ചോദ്യം ചെയ്യേണ്ടതിനാലുമാണ് അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

**ഇപ്രാവശ്യത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് കിട്ടിയവർ**

151 (3712) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് കിട്ടിയവരിൽ പ്രസ്തുത പരീക്ഷയ്ക്ക് രണ്ടാം പ്രാവശ്യവും നാലാം പ്രാവശ്യവും എഴുതിയ എത്രപേർ വീതമുണ്ടായിരുന്നു ;

(ബി) ബി.എസ്.സി., എം.എസ്.സി. എന്നീ കോഴ്സുകൾ പാസ്സായവരോ അതിന് പഠിക്കുന്നവരോ ആയ എത്ര പേരുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2003-ലെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ രണ്ടാം പ്രാവശ്യം എഴുതിയവരുടെ എണ്ണം 7119-ഉം നാലാം പ്രാവശ്യം എഴുതിയവരുടെ എണ്ണം 391-ഉം ആകുന്നു.

(ബി) ബി.എസ്.സി. കോഴ്സ് പഠിച്ച 217 പേർ 2003-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എം.എസ്.സി.-ക്കാരുടെ വിവരം ശേഖരിക്കാറില്ല.

**മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് റാങ്ക് ലഭിച്ചവർ പഠിച്ച സ്കൂളുകൾ**

152 (3713) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ എൻട്രൻസ് പരീക്ഷയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് റാങ്ക് ലഭിച്ചവരിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിലെ സ്കൂളുകളിൽ പഠിച്ചവർ എത്ര പേരുണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly